# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പുഴക്കാട്ടിരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: Ksa.mpm.22/1060/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 06/06/2022
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പുഴക്കാട്ടിരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പുഴക്കാട്ടിരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുഴക്കാട്ടിരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: Ksa.mpm.22/1060/2022 തീയ്യതി: 06/06/2022

## മലപ്പുറം ജില്ലയിലെ പുഴക്കാട്ടിരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ പുഴക്കാട്ടിരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 21-04-2021 മുതൽ 17-04-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2020 മുതൽ 31-03-2021 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ഉണ്ണി പൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 18-04-2022 | 27-04-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 18-04-2022 | 27-04-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.അബ്ദുൾ ഗഫൂർ. സി (അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ)
ശ്രീ.മുഹമ്മദ് സിയാദ് പി.പി(അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ)
ശ്രീ.ഷജീർ കെ (സീനിയർ ഗ്രേഡ് ഓഡിറ്റർ)
ശ്രീ. ഇദ്രീസ് അബ്ദുള്ള എ.സി (ഓഡിറ്റർ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. പി.കെ ജയറാം | പ്രസിഡന്റ് | 01-04-2020 | 05-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 06-11-2020 | 13-12-2020 |
| ശ്രീമതി.ഉമ്മുകുൽസു ചക്കച്ചൻ | പ്രസിഡന്റ് | 14-12-2020 | 31-03-2021 |
| ശ്രീ. രാജേഷ് എം | സെക്രട്ടറി | 01-04-2020 | 09-06-2020 |
| ശ്രീ. പരമേശ്വരൻ പി.ഡി | സെക്രട്ടറി | 10-06-2020 | 14-02-2021 |
| ശ്രീ. സുധീഷ് ബാബു ആർ | സെക്രട്ടറി | 15-02-2021 | 31-03-2021 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. വിനോദ് കുമാർ വി | അസി. സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീമതി. അജിന കെ | വി.ഇ.ഒ | 01-04-2020 | 31-03-2021 |
| ശ്രീമതി.ഷൈലജ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീമതി. സൈനബ | ഹെഡ്മിസ്ട്രസ്സ് | 01-04-2020 | 31-03-2021 |
| ഡോ. സീമ പി | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2020 | 31-01-2021 |
| ഡോ. നസ്റിൻ എം | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-02-2021 | 31-03-2021 |
| ഡോ. രേവതി കെ | വെറ്ററിനറി സർജൻ | 01-04-2020 | 28-02-2021 |
| ഡോ. റീം റഷീദ് | വെറ്ററിനറി സർജൻ | 01-03-2021 | 15-03-2021 |
| ഡോ. കണ്ണൻ കെ.എസ് | വെറ്ററിനറി സർജൻ | 16-03-2021 | 31-03-2021 |
| ശ്രീ. ജിതേഷ് എസ് | അസി.എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ഡോ. ശിഹാബുദ്ധീൻ വി | മെഡിക്കൽ ഓഫീസർ(സി.എച്ച്.സി) | 01-04-2020 | 31-03-2021 |
| ശ്രീ. സമീർഅലി എം | കൃഷി ഓഫീസർ | 01-04-2020 | 12-05-2020 |
| ശ്രീമതി. ബബിത പി | കൃഷി ഓഫീസർ | 13-05-2020 | 31-03-2021 |
| ശ്രീമതി. റുമീന.കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Idrees Abdulla A.C. (Auditor, On 19-04-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 25-04-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക.<br>Written By: Idrees Abdulla A.C. (Auditor, On 19-04-2022)<br>Last Updated By: Sujitha.P.K (Auditor, On 29-04-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Idrees Abdulla A.C. (Auditor, On 19-04-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 25-04-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം(ACR പ്രകാരം)<br>Written By: Idrees Abdulla A.C. (Auditor, On 19-04-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 25-04-2022) | 1-4 |
| 5 | ഗ്രാന്റ് സ്റ്റേറ്റ്മെന്റ്<br>Written By: Idrees Abdulla A.C. (Auditor, On 26-04-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 26-04-2022) | 1-4-1 |
| 6 | പദ്ധതി അവലോകനം<br>Written By: Idrees Abdulla A.C. (Auditor, On 19-04-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 25-04-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Idrees Abdulla A.C. (Auditor, On 19-04-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 25-04-2022) | 1-6 |
| 8 | ക്ഷേമപദ്ധതികൾ<br>Written By: Idrees Abdulla A.C. (Auditor, On 19-04-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 25-04-2022) | 1-7 |
| 9 | ക്യാഷ് പരിശോധന<br>Written By: Idrees Abdulla A.C. (Auditor, On 19-04-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 26-04-2022) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: Idrees Abdulla A.C. (Auditor, On 19-04-2022)<br>Last Updated By: Abdul.Gafoor.C (Asst. Audit Officer, On 26-04-2022) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Idrees Abdulla A.C. (Auditor, On 19-04-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 25-04-2022) | 1-10 |
| 12 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Shajeer.K (Senior Grade Auditor, On 27-04-2022)<br>Last Updated By: Unni.P (Deputy Director, On 31-05-2022) | 1-11 |
| 13 | സർക്കാർ ഉത്തരവ് പ്രകാരം നികുതി പരിഷ്കരിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചില്ല.<br>Written By: Idrees Abdulla A.C. (Auditor, On 27-04-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 27-04-2022) | 1-12 |
| 14 | വയോജനങ്ങൾക്ക് കട്ടിൽ വിതരണം അപാകതകൾ<br>Written By: Abdul.Gafoor.C (Asst. Audit Officer, On 26-04-2022)<br>Last Updated By: Unni.P (Deputy Director, On 31-05-2022) | 1-13 |
| 15 | വയോജനങ്ങൾക്ക് കട്ടിൽ വിതരണം അപാകതകൾ<br>Written By: Abdul.Gafoor.C (Asst. Audit Officer, On 26-04-2022)<br>Last Updated By: Unni.P (Deputy Director, On 31-05-2022) | 1-13-1 |
| 16 | പട്ടികജാതി കുടുംബങ്ങൾക്ക് കുടിവെള്ള വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.<br>Written By: Abdul.Gafoor.C (Asst. Audit Officer, On 26-04-2022)<br>Last Updated By: Unni.P (Deputy Director, On 31-05-2022) | 1-14 |

| | | |
|---|---|---|
| 17 | അസിസ്റ്റന്റ് എഞ്ചിനീയറുടെ പദ്ധതികൾ -അപാകതകൾ<br>Written By: Abdul.Gafoor.C (Asst. Audit Officer, On 26-04-2022)<br>Last Updated By: Unni.P (Deputy Director, On 31-05-2022) | 1-15 |
| 18 | നിർമ്മാണ തൊഴിലാളി ക്ഷേമനിധി അടവാക്കൽ കളക്ഷൻ ചാർജ്ജ് ഈടാക്കുന്നില്ല.<br>Written By: Abdul.Gafoor.C (Asst. Audit Officer, On 26-04-2022)<br>Last Updated By: Unni.P (Deputy Director, On 31-05-2022) | 1-16 |
| 19 | ചെലവുകളുടെ രേഖ ലഭ്യമല്ല<br>Written By: P.P. Muhammed Ziyad (Asst. Audit Officer, On 27-04-2022)<br>Last Updated By: Unni.P (Deputy Director, On 31-05-2022) | 1-17 |
| 20 | ഫാക്ടറികൾ, വ്യാപാര സ്ഥാപനങ്ങൾ, സംരഭങ്ങൾക്ക് ലൈസൻസ് നൽകൽ അപാകത<br>Written By: Idrees Abdulla A.C. (Auditor, On 27-04-2022)<br>Last Updated By: Unni.P (Deputy Director, On 31-05-2022) | 1-18 |
| 21 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Idrees Abdulla A.C. (Auditor, On 27-04-2022)<br>Last Updated By: Unni.P (Deputy Director, On 31-05-2022) | 1-19 |
| 22 | IKM വിഹിതം:വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല<br>Written By: P.P. Muhammed Ziyad (Asst. Audit Officer, On 27-04-2022)<br>Last Updated By: Unni.P (Deputy Director, On 31-05-2022) | 1-20 |
| 23 | മരുന്നുകൾ ലഭ്യമായതിന്റെ വിവരം ലഭ്യമാക്കിയില്ല<br>Written By: P.P. Muhammed Ziyad (Asst. Audit Officer, On 27-04-2022)<br>Last Updated By: Unni.P (Deputy Director, On 31-05-2022) | 1-21 |
| 24 | ലോഗ്ബുക്ക്:അപാകതകൾ<br>Written By: P.P. Muhammed Ziyad (Asst. Audit Officer, On 27-04-2022)<br>Last Updated By: Unni.P (Deputy Director, On 31-05-2022) | 1-22 |
| 25 | അങ്കണവാടികൾക്ക് മിക്സർ ഗ്രൈൻഡർ വാങ്ങൽ- പദ്ധതി നടത്തിപ്പിലെ അപാകതകൾ<br>Written By: Shajeer.K (Senior Grade Auditor, On 27-04-2022)<br>Last Updated By: Unni.P (Deputy Director, On 06-06-2022) | 1-23 |
| 26 | ദുരിതാശ്വാസ നിധി:പ്രവർത്തനക്ഷമമാക്കേണ്ടതാണ്<br>Written By: P.P. Muhammed Ziyad (Asst. Audit Officer, On 28-04-2022)<br>Last Updated By: Unni.P (Deputy Director, On 31-05-2022) | 1-24 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | വയോജനങ്ങൾക്ക് കട്ടിൽ വിതരണം അപാകതകൾ<br>Written By: Abdul.Gafoor.C (Asst. Audit Officer, On 26-04-2022)<br>Last Updated By: Abdul.Gafoor.C (Asst. Audit Officer, On 26-04-2022) | 3-1 |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Idrees Abdulla A.C. (Auditor, On 19-04-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 25-04-2022) | 4-1 |
| 2 | സംയുക്തപ്രോജക്റ്റുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Idrees Abdulla A.C. (Auditor, On 19-04-2022)<br>Last Updated By: Unni.P (Deputy Director, On 02-06-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Idrees Abdulla A.C. (Auditor, On 19-04-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 25-04-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |

| | | |
|---|---|---|
| | Written By: Idrees Abdulla A.C. (Auditor, On 19-04-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 19-04-2022) | |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Idrees Abdulla A.C. (Auditor, On 19-04-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 25-04-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Idrees Abdulla A.C. (Auditor, On 19-04-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 25-04-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Idrees Abdulla A.C. (Auditor, On 19-04-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 19-04-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ<br>Written By: Idrees Abdulla A.C. (Auditor, On 19-04-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 19-04-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Idrees Abdulla A.C. (Auditor, On 19-04-2022)<br>Last Updated By: Unni.P (Deputy Director, On 02-06-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Idrees Abdulla A.C. (Auditor, On 19-04-2022)<br>Last Updated By: Unni.P (Deputy Director, On 02-06-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Idrees Abdulla A.C. (Auditor, On 19-04-2022)<br>Last Updated By: Idrees Abdulla A.C. (Auditor, On 26-04-2022) | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| 2020-21 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | ( പുതുക്കിയത് ) തീരുമാന നം./തിയ്യതി |
|---|---|
| തീരുമാനം നം-1 തീയതി-22.02.2020 | പുതുക്കിയിട്ടില്ല |

### 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31 .07.2021 | 07.07.2021 | --- | ----- |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 29751481 |
| വരവ് | 74066800 |
| ആകെ | 103818281 |
| ചെലവ് | 74145779 |
| നീക്കിയിരിപ്പ് | 29672502 |

### 1-4 ഫണ്ട് വിനിയോഗം(ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 13454483 | 13454483 | 13451656 | 2827 |
| വികസനഫണ്ട് എസ്.സി.പി. | 0 | 4481373 | 4481373 | 4341913 | 139460 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 7086000 | 7086000 | 7086000 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 4240670 | 4240670 | 3566435 | 674235 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied ) | 0 | 11035738 | 11035738 | 9731712 | 1304026 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied ) | 0 | 5820000 | 5820000 | 2025600 | 3794400 |
| ബി ഫണ്ട് | 0 | 70884170 | 70884170 | 70884170 | 0 |

### 1-4-1 ഗ്രാന്റ് സ്റ്റേറ്റ്മെന്റ്

2020-21 ലെ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ വിവിധപദ്ധതികൾക്കായി Source Deduction ആയി കുറവ് ചെയ്ത 1490019രൂപ ഗ്രാന്റ് സ്റ്റേറ്റ് മെന്റിൽ വരവായി ഉൾപ്പെട്ടിട്ടില്ല. എന്നാൽ താഴെപ്പറയുന്ന പദ്ധതികൾക്ക് ചെലവായി കണിക്കുകയും ചെയ്തു. വരവ് കാണിക്കാതെ ചെലവ് കാണിച്ചതിനാൽ നീക്കിയിരിപ്പ് മൈനസ് ബാലൻസായി. 1487192രൂപ മൈനസ് ബാലൻസായാണ് നീക്കിയിരിപ്പ് കാണുന്നത്.

| ക്രമ നം | പ്രൊജക്റ്റ് നം | പദ്ധതി | തുക |
|---|---|---|---|
| 1 | 266/21 | അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം | 365000 |
| 2 | 267/21 | അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം | 365000 |
| 3 | 268/21 | അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം | 365000 |
| 4 | 269/21 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ്(ജനറൽ) | 190196 |
| 5 | 272/21 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ്(ജനറൽ) | 190196 |
| 6 | 270/21 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ്(SCP) | 7314 |
| 7 | 273/21 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ്(SCP) | 7313 |
| | ആകെ | | 1490019 |

(ഓഡിറ്റ് എൻക്വയറി നം.10/.തി.22.4.22)

### 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 237 | 92490056 | 197 | 57067040 | 0 | 40 | 83% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 356418 | 1192828 | 1549246 | 1519593 | 29653 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 15407884 | 15407884 | 15407884 | 0 |
| ആകെ | 356418 | 16600712 | 16957130 | 16927477 | 29653 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 2520 | 15 |
| കർഷകതൊഴിലാളി പെൻഷൻ | 5984300 | 279 |
| വിധവാപെൻഷൻ | 23460800 | 1042 |
| വാർദ്ധക്യകാലപെൻഷൻ | 30643200 | 1469 |
| വികലാംഗപെൻഷൻ | 8971500 | 422 |
| വിവാഹ ധനസഹായം | 150000 | 5 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1586900 | 72 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.04.2022 ന് 10.15 മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 8239/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. ആസ്തികളുടെയും സ്റ്റോക്കിന്റെയും ഭൗതികപരിശോധന നടത്തി കാലികമാക്കിയിട്ടില്ല.
2. വസ്തു നികുതി നമ്പറിംങ് ഫയലുകളിൽ 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ട (11,12) പ്രകാരം കെട്ടിട ഉടമ ഫാറം-2 ൽ സമർപ്പിക്കുന്ന വസ്തു നികുതി റിട്ടേൺ, കെട്ടിടത്തെ സംബന്ധിച്ച് സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ ശേഖരിക്കുന്ന വിവരങ്ങൾ രേഖപ്പെടുത്തിയ ഫാറം-6 എന്നിവ ചേർക്കുന്നില്ല.
3. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാവുന്നില്ല. യഥാസമയം യോഗം ചേരുന്നുണ്ടെങ്കിലും ക്രിയാത്മക നിർദ്ദേശങ്ങൾ സ്റ്റാന്റിംങ് കമ്മിറ്റികൾക്ക് സമർപ്പിക്കുന്നതായി കാണുന്നില്ല. ചില വർക്കിംഗ് ഗ്രൂപ്പ് ,തീരുമാനങ്ങൾ പൂർണ്ണമായി രേഖപ്പെടുത്തുന്നില്ല.ഉദാ:- കുടിവെള്ളം ശുചിത്വം,ദാരിദ്ര ലഘൂകരണം,പൊതുഭരണം ധനകാര്യം ,കൃഷി
4.ജീവനക്കാരുടെ വിവരങ്ങൾ രേഖപ്പെടുത്തുന്ന ഇൻക്യുമ്പൻസി രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
5. വായ്പ/വായ്പ തിരിച്ചടവ് രജിസ്റ്റർ കാലികമാക്കുന്നില്ല.
6. വി.ഇ.ഒ കളക്ഷൻ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

7.സെക്രട്ടറിയുടെ മെയ് ,ജൂൺ മാസങ്ങളിലെ വൗച്ചറുകൾ ക്രമത്തിൽ സൂക്ഷിച്ചിട്ടില്ല

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21.03.2022 | 01.02.2022 മുതൽ 28.02.2022 വരെ | 28.02.2022 |
| എ.ജി ഓഡിറ്റ് | 28.11.2009 | 2004-09 | 11.01.2010 |

## 1-11 വാർഷിക കണക്കിലെ അപാകതകൾ

2020-21സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. B7 പ്രകാരമുള്ളതാഴെ സൂചിപ്പിക്കുന്ന തുകകളുടെ വിവരം ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

Auction Deposit: 2900

Road Cutting Deposit: 23000

Deposit Recieved From Others: 226215

2. Proffession Tax- Instituition/traders ഡിമാന്റ് I(1) പ്രകാരം 395300 ആണ്. എന്നാൽ ആയത് രജിസ്റ്റർ പ്രകാരം 384050 ആണ്.

3. B-4 പ്രകാരമുള്ള താഴെ സൂചിപ്പിക്കുന്ന തുക B-17 ൽ ഉൾപ്പെടുത്തിയിട്ടില്ല.

| ഇനം | തുക |
|---|---|
| ICDS | 682841 |
| Suchithwa Mission | 3410330 |

4. KURDFC ലോൺ - അടവാക്കാൻ അവശേഷിക്കുന്ന തുക B-5 പ്രകാരം 2339981 രൂപയാണ്. എന്നാൽ ആയതിന്റെ വിശദാംശങ്ങൾ ലോൺ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

5. പ്രതിമാസ റീകൺസിലിയേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

6. Festival Advance ഇനത്തിൽ നൽകിയ 75000 രൂപയുടെ തിരിച്ചടവ് വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

7. AFS (40-b) പ്രകാരമുള്ള, താഴെ സൂചിപ്പിക്കുന്ന അക്കൗണ്ടുകളുടെ Bank Statement , റീകൺസിലിയേഷൻ പത്രിക എന്നിവ ഓഡിറ്റിന് ഹാജറാക്കിയിട്ടില്ല.

| അക്കൗണ്ട് | AFS പ്രകാരം Closing Balance |
|---|---|
| SBI E-payment | 1753671 |
| Treasury -Covid | 132400 |
| CFLTS Fund | 5000 |
| SBI SSA | 1059165 |
| KGB Jalanidhi-NEW | 73829 |
| KGB Plan | 528137 |
| KGB- Sanitation | 72588 |
| KGB Kudumbasree | 151079 |
| KGB- SGRY | 2535 |
| KGB- OAP | 41722 |
| KGB- Literacy | 5733 |

| | |
|---|---|
| Treasury TSB Joint Venture | 348427 |

8. ആസ്തികളുടെ Deppreciation Statement തയ്യാറാക്കിയിട്ടില്ല.

9. (B18 ) പ്രകാരമുള്ള Advance തുകകളുടെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. Advance രജിസ്റ്ററിൽ വാർഷിക സംഗ്രഹം എഴുതിയിട്ടില്ല.

10. B-4 പ്രകാരമുള്ള താഴെ സൂചിപ്പിക്കുന്ന തുക B-17 ൽ നിന്നും താഴെ പറയും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഇനം | B-4 പ്രകാരം | B-17 പ്രകാരം |
|---|---|---|
| Sanitation | 888888 | 72588 |

11. B-4 പ്രകാരമുള്ള തുകകൾക്ക് പ്രത്യേകം എ.സി.ആർ. സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത തുകകളുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

12. 2019-20 AFS B-15 പ്രകാരം കെട്ടിട നികുതി ബാലൻസ് 768508 (276076+492432), കുടിശിക 51888 ഉൾപ്പെടെ 820396 ആണ്. എന്നാൽ സഞ്ചയ പ്രകാരം 2020-21 കുടിശിക ഡിമാന്റ് 875020 രൂപ ആണ്.

13. 2020-21 AFS RP-43 പ്രകാരം കെട്ടിട നികുതി കുടിശിക കളക്ഷൻ 492524 (247299+245225) ആണ്. എന്നാൽ സഞ്ചയ പ്രകാരം 452459 രൂപയാണ്.

14. 2020-21 AFS പ്രകാരം കെട്ടിട നികുതി തൻവർഷത്തെ കളക്ഷൻ 4310468 (2162985+2147483)ആണ്. എന്നാൽ സഞ്ചയ പ്രകാരം 4322681 രൂപയാണ്.

15. 2020-21 B-15 പ്രകാരം കെട്ടിട നികുതി തൻവർഷത്തെ ബാലൻസ് 592059 (191298+400761)രൂപയാണ്. എന്നാൽ സഞ്ചയ പ്രകാരം 625984 രൂപയാണ്.

16. 2020-21 AFS B-15 പ്രകാരം കെട്ടിട നികുതി കുടിശ്ശിക ബാലൻസ് 303246 (16412 + 286834)രൂപയാണ്.. എന്നാൽ സഞ്ചയ പ്രകാരം ആയത് 384192രൂപയാണ്.

17.ബാങ്ക് ബുക്കുകൾ, സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

18. സ്ഥാപനത്തിന്റെ ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

അപാകതകൾ പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12 സർക്കാർ ഉത്തരവ് പ്രകാരം നികുതി പരിഷ്കരിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചില്ല.

തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ് 24.02.2015ലെ സ.ഉ.(അ)നം. 36/2015/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം സ്വകാര്യ ഹോസ്റ്റൽ, ഹോം സ്റ്റേ, വിദ്യ്യാസ സ്ഥാപനങ്ങളുടെ കോമ്പൌണ്ടിൽ വരുന്ന കാന്റീൻ ആഡിറ്റോറിയം വർക്ക്ഷോപ്പ്, ആയുർവേദ സുഖചികിത്സാ കേന്ദ്രങ്ങൾ, മൈക്രോ സ്മാൾ ആന്റ് മീഡിയം എന്റർപ്രൈസസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റ് കെട്ടിടങ്ങൾ എന്നീ ഉപയോഗ ക്രമങ്ങൾ കൂടി ഉൾപ്പെടുത്തി കെട്ടിടങ്ങൾക്ക് ചുമത്തുന്ന വസ്തു നികുതി നിരക്കിൽ ഭേദഗതി വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു.

ഗ്രാമ പഞ്ചായത്ത് ലഭ്യമാക്കിയ സഞ്ചയ വസ്തു നികുതി പ്രിന്റ് പരിശോധിച്ചതിൽ, മേൽ ഉത്തരവ് പ്രകാരമുള്ള മൈക്രോ സ്മാൾ ആന്റ് മീഡിയം എന്റർപ്രൈസസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റ് എന്ന ഉപയോഗ ക്രമത്തിനൊഴികെ മറ്റ് ഉപയോഗക്രമത്തിലുള്ള കെട്ടിടങ്ങൾക്ക് പുഴക്കാട്ടിരി ഗ്രാമപഞ്ചായത്തിൽ നികുതി നിരക്കുകൾ നിശ്ചയിച്ചിട്ടില്ല. സർക്കാർ ഉത്തരവ് പ്രകാരം നികുതി നിരക്ക് പരിഷ്കരിച്ച് വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 18/2020-21 തിയ്യതി -25.04.202 2

## 1-13 വയോജനങ്ങൾക്ക് കട്ടിൽ വിതരണം അപാകതകൾ

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ വയോജനങ്ങൾക്ക് കട്ടിൽ വിതരണം (പ്രൊജക്ട് നം.62/21) എന്ന പദ്ധതിക്കായി 172 കട്ടിൽ വാങ്ങിയതിന് ഒരു കട്ടിലിന് 3050 രൂപ പ്രകാരം 524600 രൂപ Olympia Steels ,Thiruvarppu Kottayam എന്ന സ്ഥാപനത്തിന് വികസന ഫണ്ടിൽനിന്നും നൽകിയിട്ടുണ്ട് (BRN -20151152010100561772/28.9.20). ഫയൽ പരിശോധിച്ചതിൽ താഴെപറയുന്ന അപാകതകൾ കാണുന്നു.

1. 2017 ലെ ചരക്ക് സേവന നികുതി നിയമം വകുപ്പ് 51 പ്രകാരം 01.10.18 മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാങ്ങലുകളിൽ 2.5 ലക്ഷത്തിന് മുകളിൽ തുക നൽകുന്നതിന് 2% GST TDS ആയി ഈടാക്കേണ്ടതാണെന്നിരിക്കെ ആയത് ഈടാക്കിയിട്ടില്ല.

2.കട്ടിലുകൾ വിതരണം ചെയ്തതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല.

കട്ടിൽ വിതരണം ചെയ്തതിന്റെ കൈപ്പറ്റ് ഹാജരാക്കേണ്ടതും TDS ഈടാക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്

എന്നും ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം. 3തി.21.4.2022 നൽകിയതിന് 2.5 ലക്ഷത്തിന് മുകളിൽ തുക നൽകുന്നതിന് 2% GST TDS ആയി ഈടാക്കേണ്ടതാണെന്ന വിവരം അറിയില്ലായിരുന്നെന്നും ബന്ധപ്പെട്ട സ്ഥാപനം തുക അടവാക്കാമെന്ന് സമ്മതിച്ചിട്ടുണ്ടെന്നും അറിയിച്ചു.കൂടാതെ കട്ടിലുകൾ ജന പ്രതിനിധികളുടെയും പഞ്ചായത്ത് പ്രസിഡന്റിന്റെയും സാന്നിധ്യത്തിലാണ് വിതരണം ചെയതത് എന്നും ബന്ധപ്പെട്ട രേഖകൾ നിലവിലെ അസി.സെക്രട്ടറിക്ക് കൈമാറിയിട്ടുണ്ടെന്നും നിർവ്വഹണം നടത്തിയ അസി.സെക്രട്ടറി അറിയിക്കുകയുണ്ടായി. എന്നാൽ പ്രസ്തുത രേഖകൾ പരിശോധനക്ക് ലഭ്യമാക്കാത്തതിനാൽ വിതരണം ചെയ്തതിന്റെ കൃത്യത ഓഡിറ്റിൽ പരിശോധിക്കാനായില്ല.ചെലവ് തുക ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-13-1 വയോജനങ്ങൾക്ക് കട്ടിൽ വിതരണം അപാകതകൾ

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ വയോജനങ്ങൾക്ക് കട്ടിൽ വിതരണം (പ്രൊജക്ട് നം.96/21-സ്പിൽ ഓവർ) എന്ന പദ്ധതിക്കായി 335 കട്ടിൽ വാങ്ങിയതിന് (ഒരുകട്ടിലിന് 2750രൂപ നിരക്കൽ) താഴെ പറയും പ്രകാരം 933831രൂപ വികസന ഫണ്ടിൽ നിന്ന് പിൻവലിച്ച് AST MEDITECH എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്

| Invoice No. | തുക | Bill No |
|---|---|---|
| GST/AST039/20-21 Dt.29.7.20 | 261249 | 20151152010100586800/6.10.20<br>തുക 411333 |
| GST/AST033/20-21 Dt.30.9.20 | 150084 | |
| GST/AST0146/19-20 Dt.31.12.2019 | 99000 | 20151152010100024333/11.4.20<br>തുക 302499 |
| GST/AST0147/19-20 Dt.31.12.2019 | 52250 | |
| GST/AST0167/19-20 Dt.5.2.20 | 151249 | |
| GST/AST0168/19-20 Dt.5.2.20 | 219999 | 20151152010100024336/11.4.20<br>തുക 219999 |
| ആകെ | 933831 | |
| | | |

ഫയൽ പരിശോധിച്ചതിൽ താഴെപറയുന്ന അപാകതകൾ കാണുന്നു.

1. Invoice NoGST/AST033/20-21 Dt.30.9.20 പ്രകാരം ഒരു കട്ടിലിന് 2330.50 + 18% GST പ്രകാരം താഴെപറയും പ്രകാരമാണ് തുക നൽകേണ്ടത്
50x 2330.5 =116525
CGST 9% =10487
SGST 9% =10487
-----------------------------------
ആകെ - 137499

ആകെ 137499 രൂപ നൽകേണ്ടതിന് പകരം 150084 രൂപ ബിൽ ഹാജരാക്കുകയും ആയത് പ്രകാരം തുക നൽകി .12585 രൂപ അധികം നൽകിയിട്ടുണ്ട്
2. 2017 ലെ ചരക്ക് സേവന നികുതി നിയമം വകുപ്പ് 51 പ്രകാരം 01.10.18 മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാങ്ങലുകളിൽ 2.5 ലക്ഷത്തിന് മുകളിൽ തുക നൽകുന്നതിന് 2% GST TDS ആയി ഈടാക്കണ്ടതാണെന്നിരിക്കെ ആയത് ഈടാക്കിയിട്ടില്ല.
3.കട്ടിലുകൾ വിതരണം ചെയ്തതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല.
മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം 5 തി.21.4.2022 നൽകിയതിന് അധികം കൈപ്പറ്റിയ തുക ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നും തിരികെ ഈടാക്കുന്നതാണെന്ന് അറിയിച്ചു. 12585 രൂപ തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.
കൂടാതെ 2.5 ലക്ഷത്തിന് മുകളിൽ തുക നൽകുന്നതിന് 2% GST TDS ആയി ഈടാക്കേണ്ടതാണെന്ന വിവരം അറിയില്ലായിരുന്നെന്നും ബന്ധപ്പെട്ട സ്ഥാപനം തുക അടവാക്കാമെന്ന് സമ്മതിച്ചിട്ടുണ്ടെന്നും അറിയിച്ചു. കട്ടിലുകൾ ജന പ്രതിനിധികളുടെയും പഞ്ചായത്ത് പ്രസിഡന്റിന്റെയും സാന്നിധ്യത്തിലാണ് വിതരണം ചെയതത് എന്നും ബന്ധപ്പെട്ട രേഖകൾ നിലവിലെ അസി.സെക്രട്ടറിക്ക് കൈമാറിയിട്ടുണ്ടെന്നും നിർവ്വഹണം നടത്തിയ അസി.സെക്രട്ടറി അറിയിക്കുകയുണ്ടായി. എന്നാൽ പ്രസ്തുത രേഖകൾ പരിശോധനക്ക് ലഭ്യമാക്കാത്തതിനാൽ വിതരണം ചെയ്തതിന്റെ കൃത്യത ഓഡിറ്റിൽ പരിശോധിക്കാനായില്ല.ചെലവ് തുക 921246(933831-12585)ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-14 പട്ടികജാതി കുടുംബങ്ങൾക്ക് കുടിവെള്ള വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ പട്ടികജാതി കുടുംബങ്ങൾക്ക് കുടിവെള്ള കണക്ഷൻ (പ്രൊജക്ട് നം.128/21) എന്ന പദ്ധതിക്കായി ബിൽ നം. 201511520101000034057/11.4.20 പ്രകാരം 950000 രൂപ വികസന ഫണ്ടിൽ (SCP) നിന്നും പിൻവലിച്ച് കേരള വാട്ടർ അതോറിറ്റിക്ക് നൽകിയിട്ടുണ്ട്. ആയതിന്റെ വിനിയോഗ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം. 6തി.21.4.2022 നൽകിയതിന് പ്രൊജക്ട് പൂർത്തീകരിച്ചിട്ടുണ്ടെന്നും ധന വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ലെന്നും അറിയിച്ചു.ധന വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നത് വരെ ചെലവ് തുക ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-15 അസിസ്റ്റന്റ് എഞ്ചീനീയറുടെ പദ്ധതികൾ -അപാകതകൾ

I) പ്രവൃത്തികൾ പൂർണ്ണമായി നടപ്പാക്ക ിയില്ല.

2020- 21വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 140 പ്രൊജക്ടുകളാണ് (സ്പിൽ ഓവർ ഉൾപ്പെടെ) തയ്യാറാക്കിയത്. ഇതിൽ 107പ്രൊജക്ടുകൾക്ക് മാത്രമാണ് ഓഡിറ്റ് വർഷം ചെലവ് വന്നിട്ടുള്ളത്.33 പ്രോജക്ടുകൾ ഓഡിറ്റ് വർഷം പൂർത്തീകരിക്കാനായിട്ടില്ല. 58 പദ്ധതികൾ സ്പിൽ ഓവർ ആയി ഉൾപെടുത്തിയിരുന്നെങ്കിലും ഇതിൽ 9പദ്ധതികൾ ഈ വർഷവും നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. പദ്ധതി വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 140 | ആകെ അടങ്കൽ | 38278425 |
| നടപ്പിലാക്കിയത് | 107 | ചെലവ് | 26551195 |
| ശതമാനം | 76.43% | ചെലവ് ശതമാനം | 69.36% |

ഒരു അസിസ്റ്റന്റ് എഞ്ചിനിയർ, രണ്ട് ഓവർസിയർമാർ എന്നീ സാങ്കേതിക ജീവനക്കാർക്ക് നടപ്പാക്കാവുന്നതിലും വളരെയധികം പ്രൊജക്ടുകൾ ഏറ്റെടുക്കുന്നതാണ് ഇത്തരത്തിൽ പ്രൊജക്ടുകൾ നടപ്പാക്കാതെ വരുന്നതിനും പലപ്പോഴും പദ്ധതിപ്പണം ലാപ്സാവുന്നതിനും ഇടയാക്കുന്നത്.

II.റോഡ് കണക്റ്റിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയില്ല .

ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കണമെന്ന് പദ്ധതി മാർഗ്ഗരേഖയിൽ നിർദേശിച്ചതാണെങ്കിലും ആയത് തയ്യാറാക്കിയിട്ടില്ല. കൂടാതെ മരാമത്ത് പ്രവൃത്തികൾ നടപ്പാക്കുമ്പോൾ പഞ്ചായത്തിന്റെ ആസ്തിയിൽ തന്നെയാണോ പ്രവൃത്തി ചെയ്തത് എന്ന് ഉറപ്പു വരുത്തുന്നതിനുള്ള രേഖകളൊന്നും (ആസ്തി കൈമാറിയ രേഖ/ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയതിന്റെ വിവരം) പ്രൊജക്ടിൽ സൂക്ഷിച്ചിട്ടില്ല.

പ്രവൃത്തി നടത്തുന്നത് പഞ്ചായത്തിന്റെ ആസ്തിയിൽത്തന്നെയാണോ എന്നത് ഉറപ്പു വരുത്തുന്നതിനാവശ്യമായ രേഖകളും കണക്ടിവിറ്റി മാപ്പും തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

III .പ്രവൃത്തി പൂർത്തീകരണ സമയം കരാറിൽ വ്യക്തമാക്കുന്നില്ല .

ടെണ്ടർ ഷെഡ്യൂളിൽ പരാമർശിച്ച അംഗീകരിച്ച പ്രവൃത്തി പൂർത്തീകരണ കാലയളവ് എത്ര എന്നും പ്രവൃത്തി വൈകിയാൽ ഏത് നിരക്കിൽ പിഴ ഈടാക്കും എന്നതും കരാറുകാരുമായുള്ള ഉടമ്പടിയിൽ വ്യക്തമാക്കേണ്ടതാണ്. എന്നാൽ നിലവിൽ കരാറിൽ പ്രവൃത്തി പൂർത്തീകരണ കാലയളവ് എത്രയാണ് എന്ന് വ്യക്തമാക്കുന്നില്ല. കൂടാതെ പ്രവൃത്തി പൂർത്തീകരണ കാലയളവ് എഗ്രിമെന്റ് രജിസ്റ്ററിലും രേഖപ്പെടുത്തുന്നില്ല.ഉടർന്നുള്ള വർഷങ്ങളിൽ പ്രവൃത്തി നടത്തിപ്പിൽ PWD മാന്വലിലെ നിർദ്ദേശങ്ങൾ പാലിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 നിർമ്മാണ തൊഴിലാളി ക്ഷേമനിധി അടവാക്കൽ കളക്ഷൻ ചാർജ്ജ് ഈടാക്കുന്നില്ല.

1996 ലെ The Building And Other Construction Workers' Welfare Cess Act പ്രകാരം നിർമ്മാണ പ്രവൃത്തികളുടെ ആകെ മൂല്യത്തിന്റെ ഒരു ശതമാനം ബന്ധപ്പെട്ട വർക്ക് ബില്ലിൽ നിന്നും വസൂലാക്കി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ ഒടുക്കേണ്ടതാണ്. ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ ഒരു ശതമാനത്തിൽ കവിയാത്ത തുക ഇതിന്റെ കളക്ഷൻ ചാർജ് ഇനത്തിൽ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈടാക്കാവുന്നതാണ് (The Building And Other Construction Workers' Welfare Cess Act,1996 Section 3-3).

ഓഡിറ്റ് വർഷത്തിൽ ഗ്രാമ പഞ്ചായത്ത് നിർവ്വഹണം നടത്തിയ പ്രവൃത്തികളുടെ ബില്ലിൽ നിന്നും ഈടാക്കിയ നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതത്തിൽ നിന്ന് കളക്ഷൻ ചാർജ് ഈടാക്കാതെ മുഴുവൻ തുകയും ബന്ധപ്പെട്ട ബോർഡിൽ അടവാക്കിയിരിക്കുകയാണ്. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം.20/25.4.2022 നൽകിയതിന് കളക്ഷൻ ചാർജ്ജ് ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി.

## 1-17 ചെലവുകളുടെ രേഖ ലഭ്യമല്ല

സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന ചെലവുകളുടെ വൗച്ചറുകളുടെ കൂടെ രസീതി ലഭ്യമല്ല.

| ക്രമ നം. | ചെലവ് വിവരം | വൗച്ചർ നം./തിയ്യതി | തുക | ഫണ്ട് |
|---|---|---|---|---|
| 1 | 2019-20 ലൈബ്രറി സെസ് അടവാക്കിയത് | 22000218/6.7.20 | 201483 | തനത് ഫണ്ട് |
| 2 | പഞ്ചായത്ത് അസോസിയേഷൻ ആസ്ഥാനമന്ദിര നവീകരണം സംഭാവന | 22000716 /31.8.20 | 25000 | തനത് ഫണ്ട് |

ആയവ ഓഡിറ്റിനു ഹാജരാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 11/22.4.2022). ചെലവ് തുക 226483 രൂപ തടസത്തിൽ വെക്കുന്നു.

## 1-18 ഫാക്ടറികൾ, വ്യാപാര സ്ഥാപനങ്ങൾ, സംരഭങ്ങൾക്ക് ലൈസൻസ് നൽകൽ അപാകത

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ.(പി) നം.80/2017/ത.സ്വ.ഭ.വ, എസ്.ആർ.ഒ നമ്പർ 674/2017 ലെ വിജ്ഞാപന പ്രകാരം ഫാക്ടറികൾ, വ്യാപാര സ്ഥാപനങ്ങൾ, സംരഭങ്ങൾ തുടങ്ങിയ സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുന്നതിന് സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് എന്നിങ്ങനെ വിവിധ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ചിട്ടുണ്ട്. ഇവയ്ക്ക് 1996ലെ കേരള പഞ്ചായത്ത് രാജ്( ആപൽകരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 7 പ്രകാരം, II -ാം പട്ടികയിൽ പറഞ്ഞിട്ടുള്ള തുകയേക്കാൾ അധികരിക്കാത്ത ലൈസൻസ് ഫീസ് ചുമത്താവുന്നതാണ്. എന്നാൽ പഞ്ചായത്തിൽ സ്വീകരിച്ചിട്ടുള്ള ലൈസൻസ് അപേക്ഷകളിൽ ലൈസൻസ് ഫീസ് നിശ്ചയിക്കുന്നതിന് മൂലധന നിക്ഷേപം സംബന്ധിച്ച വിവരങ്ങൾ ചേർത്തിട്ടില്ല. ആയതിനാൽ ലൈസൻസ് ഫീസ് നിശ്ചയിച്ചത് ഏതു മാനദണ്ഡ പ്രകാരമാണെന്ന് വ്യക്തമല്ല.

ലൈസൻസ് ഫീസ് സ്ഥാപനങ്ങളുടെ മൂലധനത്തിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ച് ഈടാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ.15/2020-21 തിയ്യതി -23.04.2022)

## 1-19 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204 പ്രകാരം, 2020-21 സാമ്പത്തിക വർഷത്തിൽ താഴെ സൂചിപ്പിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 1996 കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3 നിരക്ക് പ്രകാരമുള്ള തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

| സ്ഥാപനം | ജീവനക്കാരുടെ പേര് | അർദ്ധ വർഷം |
|---|---|---|
| സിറ്റി ക്ലിനിക്ക്, പനങ്ങാങ്ങര | ജാസിം (ഡോക്ടർ) | ഒന്ന് |
| | തെസീമ (നഴ്സ്) | |
| | ഹർഷ (ലാബ് ടെക്നീഷ്യൻ) | |
| | ഫൈസൽ (ലാബ് ടെക്നീഷ്യൻ) | |
| ഡോ.അഷ്റഫ്സ് ക്ലിനിക്ക്, പടപ്പറമ്പ് | ദീപക്ക് (ഫാർമസിസ്റ്റ്) | രണ്ട് |
| | സജ്ന(നഴ്സ്) | |
| | സുബൈദ (ലാബ് ടെക്നീഷ്യൻ) | |
| | അഷ്റഫ് ടി (ഡോക്ടർ) | |
| | ഇർഷാദ് (ഫാർമസിസ്റ്റ്) | |
| | നവാസ് (ലാബ് ടെക്നീഷ്യൻ) | |
| | മുസ്തഫ | |
| PMS ആയുർവേദിക്ക് ഹോസ്പിറ്റൽ, പുഴക്കാട്ടിരി | അബ്ദുള്ള മുത്തുകോയ | ഒന്ന് |

മേൽ പറഞ്ഞ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നമ്പർ.14/2020-21 തിയ്യതി -23.04.2022)

## 1-20 IKM വിഹിതം:വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

സെക്രട്ടറി നിർവഹണം നടത്തിയ IKM വിഹിതം അടവാക്കൽ എന്ന പദ്ധതിയുടെ(പ്രൊജക്ട് നം.01/21) ഭാഗമായി ബിൽ റെഫറൻസ് നം.201511520101000093659/23.4.2020 പ്രകാരം 87083 രൂപ(പ്ലാൻ ഫണ്ട്) ഇൻഫോമേഷൻ കേരള മിഷൻ തിരുവനന്തപുരം എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നല്കുകയും ആയതിന്റെ രസീതി(21857/5.8.2020) സ്ഥാപനത്തിൽ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ വിശദമായ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിനു ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക

87083 രൂപ തടസത്തിൽ വെക്കുന്നു. (ഓഡിറ്റ് എൻക്വയറി നമ്പർ 3/13.5.2022)

## 1-21 മരുന്നുകൾ ലഭ്യമായതിന്റെ വിവരം ലഭ്യമാക്കിയില്ല

മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) നിർവഹണം നടത്തിയ പരിരക്ഷ പാലിയേറ്റീവ്-മരുന്നു വാങ്ങൽ (152/21) പദ്ധതിയിൽ മരുന്നുകൾ വാങ്ങുന്നതിനായി ബിൽ നമ്പർ 20151152028001087360 15.2.2021 പ്രകാരം 94600 (MG-നോൺ റോഡ്) തുക കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ, തൈക്കാട് തിരുവനന്തപുരത്തിന് നൽകിയിട്ടുണ്ട്(പ്രൊഫോമ ഇൻവോയ്സ് നം.PRF4832 തി 27.1.2021) .ആയവ ലഭ്യമായതിന്റെ വിശദാംശം ഓഡിറ്റിനു ലഭ്യമാക്കിയില്ല. ആയവ ഹാജരാക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നമ്പർ 26/27.4.2022)

## 1-22 ലോഗ്ബുക്ക്:അപാകതകൾ

പഞ്ചായത്ത് വാഹനത്തിന്റെ (KL 53 A 3919)ലോഗ്ബുക്ക് പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. പ്രതിമാസ സംഗ്രഹം തയ്യാറാക്കി ആയത് കസ്റ്റോഡിയനായ സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.

2. ഹാൾട്ട് ചെയ്യുന്ന സമയം, യാത്ര ചെയ്യുന്ന ഉദ്യോഗസ്ഥന്റെ ഒപ്പ്, കൺട്രോളിംഗ് ഓഫീസറുടെ ഒപ്പ് എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

3. ആറ് മാസത്തിലൊരിക്കൽ ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തേണ്ടതാണെന്നിരിക്കെ ആയത് ചെയ്തതിന്റെ വിവരങ്ങൾ ലഭ്യമല്ല.

4. ഫ്യൂവൽ അക്കൗണ്ട് എല്ലാ കോളങ്ങളും പൂരിപ്പിക്കുന്നില്ല.

5. വാഹനത്തിന്റെ റിപ്പയർ സംബന്ധിച്ച കാര്യങ്ങൾ ലോഗ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല.
സ.ഉ.(എം.എസ്.നം.170/07/ത.സ്വ.ഭ.വ. തിയതി 30.06.2007പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 24/26.4.2022)

## 1-23 അങ്കണവാടികൾക്ക് മിക്സർ ഗ്രൈൻഡർ വാങ്ങൽ- പദ്ധതി നടത്തിപ്പിലെ അപാകതകൾ

ICDS സൂപ്പർ വൈസർ നിർവ്വഹണ ഉദ്യോഗസ്ഥനായ "അങ്കണവാടികൾക്ക് മിക്സർ ഗ്രൈൻഡർ വാങ്ങൽ" എന്ന പദ്ധതി (162/2020-21) പ്രകാരം അങ്കണവാടികൾക്ക് മിക്സർ ഗ്രൈൻഡർ വാങ്ങുന്നതിന് മെയിന്റനൻസ് ഫണ്ടിൽ നിന്നും 105200 രൂപ ബിൽ നം-20151152031301234534/ 12.3.2021 പ്രകാരം ചെലവഴിച്ചിട്ടുണ്ട്. മിക്സർ ഗ്രൈൻഡർ വാങ്ങുന്നതിന് ടെണ്ടർ ക്ഷണിച്ചതു പ്രകാരം ലഭിച്ച 4 ടെണ്ടറുകളിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത BSGST എന്ന സ്ഥാപനത്തിന്റെ ടെണ്ടർ (4245രൂപ) 11.8.2020 ലെ ഭരണ സമിതി തീരുമാനം പ്രകാരം അംഗീകരിച്ചിട്ടുണ്ട്. എന്നാൽ 2.3.2021 ലെ ഇൻവോയ്സ് പ്രകാരം മിക്സർ ഗ്രൈൻഡർ വാങ്ങിയിട്ടുള്ളത് ഹെഡ്കോ എന്ന സ്ഥാപനത്തിൽ നിന്ന് 5260 രൂപക്കാണ്. റീടെണ്ടർ നടത്താതെ ഉയർന്ന നിരക്കിന് സാധനങ്ങൾ പർച്ചേസ് ചെയ്തത് ക്രമപ്രകാരമല്ല. അപാകതക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട് ICDS സൂപ്പർ വൈസർക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 2/20.4.2022 നൽകിയ മറുപടിയിൽ കോവിഡ് നിയന്ത്രണങ്ങൾ കാരണം കൃത്യ സമയത്ത് പർച്ചേസ് ഓർഡർ നൽകാൻ കഴിഞ്ഞില്ലെന്നും, പിന്നീട് ക്വാട്ട് ചെയ്ത തുകക്ക് സാധനങ്ങൾ നൽകാൻ കഴിയില്ലെന്ന് സ്ഥാപനങ്ങൾ അറിയിച്ചതു കൊണ്ടാണ് നെഗോഷിയേഷനിലൂടെ പ്രസ്തുത തുകക്ക് പർച്ചേസ് ചെയ്തത് എന്നുമാണ് അറിയിച്ചത്. കോവിഡ് നിയന്ത്രണങ്ങൾ കാരണം കൃത്യസമയത്ത് സപ്ലൈ ഓർഡർ നൽകാൻ കഴിഞ്ഞില്ലെങ്കിലും, ടെണ്ടറിൽ കാണിച്ച തുകക്ക് സാധനങ്ങൾ സപ്ലൈ ചെയ്യാൻ കഴിയാതിരുന്ന സാഹചര്യത്തിൽ റീ-ടെണ്ടർ ചെയ്യേണ്ടതായിരുന്നു. റീ-ടെണ്ടർ ചെയ്യാതെ നെഗോഷിയേഷനിലൂടെ സാധനങ്ങൾ പർച്ചേസ് ചെയ്തത് ക്രമപ്രകാരമല്ല. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-24 ദുരിതാശ്വാസ നിധി:പ്രവർത്തനക്ഷമമാക്കേണ്ടതാണ്

2003ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നി ബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാ രോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്ന ഗ്രാമ പഞ്ചായത്ത് നിവാസികളും നിർധനരുമായ വ്യക്തികൾക്ക് അടിയന്തിര സഹായം നൽകുന്നതിനായി ഒരു പ്രമേയം മൂലം മറ്റ് ഫണ്ടുകളിൽ നിന്ന് വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതാണ്. കലാ കായിക വിനോദപരിപാടികൾ സംഘടിപ്പിച്ചും, വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസ നിധിയിലേക്ക് ധനം സ്വരൂപിക്കാവുന്നതാണ്. നിധി കൈകാര്യം ചെയ്യുന്നതിനായി പ്രസിഡന്റ്, സെക്രട്ടറി, ഒരു മെമ്പർ എന്നിവർ അടങ്ങുന്ന ഒരു സബ്കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. ദുരിതമനുഭവിക്കുന്ന അർഹരായ വ്യക്തികൾക്ക് 500 രൂപ വരെ അടിയന്തിരസഹായം നൽകാൻ ചട്ടം വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്കുകൾ പ്രകാരം

3.12.2019 ന് 100 രൂപ നിക്ഷേപിച്ച് അർബൺ കോ-ഓപ്പറേറ്റീവ് പെരിന്തൽമണ്ണ ശാഖയിൽ 0004001000002365 അക്കൗണ്ട് നമ്പർ ആയി ഒരു ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുണ്ടെങ്കിലും ആയതിലേക്ക് തുക സമാഹരിക്കുന്നതിന് നടപടി സ്വീകരിച്ചതായോ നാളിതു വരെ ഒരാൾക്കെങ്കിലും എന്തെങ്കിലും ധനസഹായം നൽകിയതായോ കാണുന്നില്ല. ഇതു സംബന്ധിച്ച സ്വീകരിച്ച തുടർ നടപടികളുടെ വിവരം ആരാഞ്ഞു നല്കിയ ഓഡിറ്റ് എൻക്വയറി നം.21/25.4.2022 നൽകിയതിന് മറുപടി ലഭ്യമായില്ല. ദുരിതാശ്വാസ നിധി പ്രവർത്തനക്ഷമമാക്കാൻ നടപടി കൈകൊള്ളേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 വയോജനങ്ങൾക്ക് കട്ടിൽ വിതരണം അപാകതകൾ

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ വയോജനങ്ങൾക്ക് കട്ടിൽ വിതരണം (പ്രൊജക്റ്റ് നം.96/21-സ്പിൽ ഓവർ) എന്ന പദ്ധതിക്കായി 335 കട്ടിൽ വാങ്ങിയതിന് (ഒരുകട്ടിലിന് 2750രൂപ നിരക്കൽ) താഴെ പറയും പ്രകാരം 933831രൂപ വികസന ഫണ്ടിൽ നിന്ന് പിൻവലിച്ച് AST MEDITECH എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്

| Invoice No. | തുക | Bill No |
|---|---|---|
| GST/AST039/20-21 Dt.29.7.20 | 261249 | 20151152010100586800/6.10.20<br>തുക 411333 |
| GST/AST033/20-21 Dt.30.9.20 | 150084 | |
| GST/AST0146/19-20 Dt.31.12.2019 | 99000 | 20151152010100024333/11.4.20<br>തുക 302499 |
| GST/AST0147/19-20 Dt.31.12.2019 | 52250 | |
| GST/AST0167/19-20 Dt.5.2.20 | 151249 | |
| GST/AST0168/19-20 Dt.5.2.20 | 219999 | 20151152010100024336/11.4.20<br>തുക 219999 |
| ആകെ | 933831 | |
| | | |

ഫയൽ പരിശോധിച്ചതിൽ താഴെപറയുന്ന അപാകതകൾ കാണുന്നു.

1. Invoice NoGST/AST033/20-21 Dt.30.9.20 പ്രകാരം ഒരു കട്ടിലിന് 2330.50 + 18% GST പ്രകാരം താഴെപറയും പ്രകാരമാണ് തുക നൽകേണ്ടത്

50x 2330.5 =116525

CGST 9% =10487

SGST 9% =10487

------------------------------------

ആകെ - 137499

ആകെ 137499 രൂപ നൽകേണ്ടതിന് പകരം 150084 രൂപ ബിൽ ഹാജരാക്കുകയും ആയത് പ്രകാരം തുക നൽകി .12585 രൂപ അധികം നൽകിയിട്ടുണ്ട്

4. 2.5 ലക്ഷത്തിന് മുകളിൽ തുക നൽകുന്നതിന് 2% GST TDS ആയി ഈടാക്കണ്ടതാണെന്നിരിക്കെ ആയത് ഈടാക്കിയിട്ടില്ല.

5.കട്ടിലുകൾ വിതരണം ചെയ്തതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം 5 തി.21.4.2022

നൽകിയതിന് അധികം കൈപ്പറ്റിയ തുക ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നും തിരികെ ഈടാക്കുന്നതാണെന്ന് അറിയിച്ചു. 12585 രൂപ തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.
കൂടാതെ 2.5 ലക്ഷത്തിന് മുകളിൽ തുക നൽകുന്നതിന് 2% GST TDS ആയി ഈടാക്കേണ്ടതാണെന്ന വിവരം അറിയില്ലായിരുന്നെന്നും ബന്ധപ്പെട്ട സ്ഥാപനം തുക അടവാക്കാമെന്ന് സമ്മതിച്ചിട്ടുണ്ടെന്നും അറിയിച്ചു.കൂടാതെ കട്ടിലുകൾ ജന പ്രതിനിധികളുടെയും പഞ്ചായത്ത് പ്രസിഡന്റിന്റെയും സാന്നിധ്യത്തിലാണ് വിതരണം ചെയതത് എന്നും ആയത് നിലവിലെ അസി.സെക്രട്ടറിക്ക് കൈമാറിയിട്ടുണ്ടെന്നും നിർവ്വഹണം നടത്തിയ അസി.സെക്രട്ടറി അറിയിക്കുകയുണ്ടായി.എന്നാൽ ബന്ധപ്പെട്ട രേഖകൾ പരിശോധനക്ക് ലഭ്യമാക്കാത്തതിനാൽ വിതരണം ചെയ്തതിന്റെ കൃത്യത ഓഡിറ്റിൽ പരിശോധിക്കാനായില്ല.ചെലവ് തുക 921246(933831-12585)ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 2020-21 വാർഷിക ഓഡിറ്റ് വേളയിൽ വാർഷികധനകാര്യ പത്രികയുടെ പരിശോധന നടത്തി | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

### 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 276250 | 101/2020-21 സമഗ്ര നെൽ കൃഷി വികസനം | 276250 | 0 |
| | 446250 | 159/2020-21 സമഗ്ര നെൽ കൃഷി വികസനം | 446250 | 0 |
| | 300000 | 92/2020-21 ഭിന്നശേഷി സ്കോളർഷിപ്പ് | 225000 | 75000 |
| ആകെ | 1022500 | | 947500 | 75000 |
| ജില്ലാ പഞ്ചായത്ത് | 446250 | 159/2020-21 സമഗ്ര നെൽ കൃഷി വികസനം | 446250 | 0 |
| | 300000 | 92/2019-20 ഭിന്നശേഷി സ്കോളർഷിപ്പ് | 300000 | 0 |
| ആകെ | 700000 | | 700000 | 0 |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നം./ ബിൽ/ചെക്ക് നം. | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|---|
| കെ. എസ്. ഇ. ബി | 129/2020-21 സമ്പൂർണ വൈദ്യുതീകരണം-വൈദ്യുതി ലൈൻ | BRN No-20151152010100130171 /11.04.20 | 62396 | 62396 | പൂർത്തീകരിച്ചു | ഇല്ല |

| | | | | | | |
|---|---|---|---|---|---|---|
| | നീട്ടൽ | | | | | |
| | 245/2020-21 കയ്യൂരി ചോല കുടിവെള്ള പദ്ധതി | BRN No- 201511520101 0058393 /05.10.20 | 271476 | 271476 | പൂർത്തീകരിച്ചു | ഇല്ല |
| | 133/2020-21 സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | BRN No- 20151152010100 024323 /11.04.20 | 110000 | 110000 | പൂർത്തീകരിച്ചു | ഇല്ല |
| | | Voucher No-22000173 /10.06.20 | 1130740 | 1130740 | | |
| | 263/2020-21 സ്ട്രീറ്റ് മെയിൻ സ്ഥാപിക്കലിന്റെ ഭാഗമായി മീറ്റർ സ്ഥാപിക്കൽ | Voucher No-22000 909 /08.02.2021 | 89544 | 89544 | പൂർത്തീകരിച്ചു | ഇല്ല |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെ വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാനം ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 01 | ലൈഫ് ഗുണഭോക്താക്കളുടെ വീട് നിർമ്മാണം- ഗുണഭോക്താക്കൾക്ക് സാമ്പത്തിക സഹായം നല്കൽ (ഹഡ്കോ ലോൺ) | GO(MS)68/18/LSGD Dt. 24.03.2018 | - | 2735000 | 395019 | - | 2339981 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ 2020-21 വർഷത്തിൽ വരവില്ല.

## 4-8 സമാഹ്യത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹ്യത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം/ ഖണ്ഡിക നം | സമാഹ്യത ഓഡിറ്റ് റിപ്പോർട്ട് വർഷം / ഖണ്ഡിക നം. | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 2014-15 | 2016-17 | 1. ഖണ്ഡിക-2(2) സ്ഥാപനതൊഴിൽ നികുതി ഒടുക്കിയില്ല | നടപടി തുടരുന്നു. |

| | | | |
|---|---|---|---|
| | | 2.ഖണ്ഡിക-2(3) സ്ഥലം മാറിപ്പോകുന്ന ജീവനക്കാരിൽ നിന്നും നികുതി ഈടാക്കുന്നില്ല. | -ടി- |
| 2014-15 | 2016-17 | 3.ഖണ്ഡിക-2(5)ശമ്പളം തടഞ്ഞതിനാൽ നികുതി ഒടുക്കിയില്ല | -ടി- |
| 2014-15 | 2016-17 | 4.ഖണ്ഡിക-2(6)തൊഴിൽ നികുതി:പൊതു അപാകതകൾ | -ടി- |

## 4-9 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ/ഈടാക്കാനവശേഷിക്കുന്ന തുക

ഇല്ല

ബി) സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്. | ചാർജ്ജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക(രസീത് നമ്പർ, തിയ്യതി) | റവന്യൂ റിക്കവറി യിലൂടെ ഈടാക്കിയ തുക, രസീത് | കോടതി വ്യവഹാര ങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേ ഷിക്കുന്ന തുക |
|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പറും തിയ്യതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | |
| 1 | 2004-05 2005-06 | 3(10) | ശ്രീ മോഹനൻ നായർ | LF 5425/ Spl.cell/SC5/10 22.07.2011 | 21596/- | തുക അടച്ച രസീത് നം. 27923/71 | -- | -- | -- | 21596 | 0 |
| 2 | 2004-05 | 3-22 | ശ്രീമതി കുസുമം ജോസഫ് (ഹെഡ് ക്ലർക്ക്) | LF 5455/ Spl.cell/SC5/2010 3.5.12 | 393210 | | -- | -- | -- | 393210 | |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 74066800 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 74145779 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 12585 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2709412 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
|---|---|---|---|
| 1-13-1 | | 12585 | ശ്രീ. വിനോദ് കുമാർ വി, അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ | 12585 | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 524600 | ശ്രീ. വിനോദ് കുമാർ വി, അസിസ്റ്റന്റ് സെക്രട്ടറി |
| 1-13-1 | 921246 | |
| 1-14 | 950000 | |
| 1-17 | 226483 | ശ്രീ. പരമേശ്വരൻ.പി.ഡി, സെക്രട്ടറി |
| 1-20 | 87083 | ശ്രീ. രാജേഷ്.എം, സെക്രട്ടറി |
| ആകെ | 2709412 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. വിനോദ് കുമാർ വി, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി,നൂൽപുഴ ഗ്രാമ പഞ്ചായത്ത് | മുട്ടമണ്ണിൽ<br>കരിക്കാക്കുർ<br>കോട്ടയം<br>പിൻ-676552 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | എൽഎഫ്.എം.14/3252/16/28.10.16 | 1 |
| 1997-98 | എൽ.എഫ്.എം. 14 /348/01 /14.02.11 | 29 |
| 1998-99 | എൽ.എഫ്.എം.14 / 746/03/14.02.11 | 16 |
| 1999-00 | എൽ.എഫ്.എം.15/1580 /06/14.02.11 | 12 |
| 2000-01 | എൽ.എഫ്.എം.12/ 1530/06/14.02.11 | 03 |
| 2001-02 | എൽ.എഫ്.എം.12/ 2162/07/14.02.11 | 17 |
| 1999-00മുതൽ 2001-02 (ചെലവ്) | എൽ.എഫ്.എം. 12 / 931/04/14.02.11 | 07 |
| 2002-03 | എൽ.എഫ്.എം. 12 /69/ 08/14.02.11 | 24 |
| 2003-04 | എൽ.എഫ്.എം.12/ 70/08/14.02.11 | 19 |
| 2004-05 | എൽ.എഫ്.എം.12/71/ 08 /14.02.11 | 30 |
| 2005-06 | എൽ.എഫ്.എം.12/ 1169/08/14.02.11 | 28 |
| 2006-07 | എൽ.എഫ്.എം.12/1170 /08/14.02.11 | 17 |
| 2007-08 | എൽ.എഫ്.എം14./ 2473/13/20.06.14 | 06 |
| 2008-09 | എൽ.എഫ്.എം.14/2474/13/20.06.14 | 10 |
| 2009-10 | എൽ.എഫ്.എം14./ 2475/13/ 20.06.14 | 09 |
| 2010-11 | എൽ.എഫ്.എം. 14 /204 /14/ 07.02.14 | 15 |
| 2011-12,2012-13 | കെ.എസ്.എ.എം.പി.എം.14 /1553/2015തി.10.12.16 | 9 |
| 2013-14,2014-15 | കെ.എസ്.എ.എം.പി.എം/22/1798/2018 തി.20.10.2018 | 11 |
| 2015-16 | കെ.എസ്.എ.എം.പി.എം/14/3025/2016 തി.28.01.2017 | 18 |

| | | |
|---|---|---|
| 2016-17 | കെ.എസ്.എ.എം.പി.എം/22/1828/2017 തി.02.11.2017 | 18 |
| 2017-18 | കെ.എസ്.എ എം.പി.എം 22/1051/2019 01.06.2019 | 16 |
| 2018-19 | നം.കെ.എസ്.എ.എം.പി.എം.22/1283/2020 തിയ്യതി 02.11.2020 | 16 |
| 2019-20 | നം.കെ.എസ്.എ.എം.പി.എം.22/2078/2021 തിയ്യതി 05.02.2022 | 17 |

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ പുഴക്കാട്ടിരി ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ പുഴക്കാട്ടിരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്